പതിനാലാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1237 — 02/03/2017 -ൽ മറുപടിയ്ക്ക്

## ബാലാവകാശ സംരക്ഷണ ഉടമ്പടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ശശി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ബാലാവകാശ നിയമങ്ങളുടെ ലംഘനങ്ങൾ വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ ഏറെ വർഷങ്ങളായി കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; ഉണ്ടെങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം - 10<br>കൊല്ലം - 3<br>പത്തനംതിട്ട - ഇല്ല<br>ആലപ്പുഴ - 10<br>കോട്ടയം - ഇല്ല<br>ഇടുക്കി - 23<br>എറണാകുളം - ഇല്ല<br>തൃശ്ശൂർ - 29<br>പാലക്കാട് - 14<br>മലപ്പുറം - 1<br>കോഴിക്കോട് - 8<br>വയനാട് - ഇല്ല<br>കണ്ണൂർ - ഇല്ല<br>കാസറഗോഡ് - 1 |
| (ബി) കഴിഞ്ഞ മൂന്നു വർഷങ്ങളിലായും, നടപ്പു വർഷത്തിലും റിപ്പോർട്ടു ചെയ്ത ഇത്തരം സംഭവങ്ങളും, സ്കൂളുകളും, അദ്ധ്യാപകരും, വിധേയരായ വിദ്യാർത്ഥികളും എത്ര എന്നും വ്യക്തമാക്കുമോ; | (ബി) വിവരം ശേഖരിച്ച് വരുന്നു. |
| (സി) മാതൃഭാഷ നിഷേധിക്കുന്നതും, മാതൃഭാഷയിൽ സംസാരിക്കുന്നതിനായുള്ള അവകാശം നിഷേധിക്കുന്നതും, ഇംഗ്ലീഷ് ശിക്ഷ ഏല്ക്കേണ്ടി വരുന്നതുമായ സംഭവങ്ങൾ ഇത്തരം സ്ഥാപനങ്ങൾ കുട്ടികളിൽ അടിച്ചേല്പിക്കുന്നത് ഉൾപ്പെടെ ശിക്ഷാവിധികൾക്ക് വിധേയരാകുന്നതും കുട്ടികളിൽ മുളയിലേ തന്നെ തെറ്റായ സന്ദേശം നല്കാൻ കാരണമാകുമെന്നത് വിദ്യാഭ്യാസ വകുപ്പും സർക്കാരും ശ്രദ്ധിച്ചുവോ; എങ്കിൽ ഇത് തടയുവാൻ എന്തു നടപടി സ്വീകരിക്കും എന്നു വ്യക്തമാക്കുമോ; | (സി) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ മാതൃഭാഷ നിഷേധിക്കുന്ന തരത്തിലുള്ള പരാതികളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. |

| | | |
|---|---|---|
| (ഡി) | മാതൃഭാഷയ്ക്കെതിരെ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനാനുമതി നിഷേധിക്കാനും കുറ്റക്കാരെ കർശനശിക്ഷാ നടപടികൾക്കു വിധേയമാക്കാനും നിയമനിർമ്മാണം ഉൾപ്പെടെ എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ? | (ഡി) മാതൃഭാഷയ്ക്കെതിരെ പ്രവർത്തിക്കുന്ന സ്കൂളുകൾക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ